**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 173** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. പ്രഭാകരൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. എം. വിജിൻ

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ മെഡിക്കൽ കോളേജുകളിൽ ചരിത്രത്തിലാദ്യമായി അത്യാധുനിക റോബോട്ടിക് സർജറി വിജയകരമായി നടപ്പിലാക്കാൻ മുൻ സർക്കാർ കൈക്കൊണ്ട നടപടികളുടെയും വകയിരുത്തിയ തുകയുടെയും വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സർക്കാർ മെഡിക്കൽ കോളേജുകളിൽ ആധുനിക റോബോട്ടിക് സർജറി സ്ഥാപിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 29 കോടി രൂപ വകയിരുത്തുകയുണ്ടായി. എന്നാൽ പ്ലാൻ കട്ടിന്റെ ഭാഗമായി ഭരണാനുമതി നൽകുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** പീഡിയാട്രിക് റോബോട്ടിക് സർജറികളും സങ്കീർണ്ണമായ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയകളും സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ പീഡിയാട്രിക് റോബോട്ടിക് സർജറി ആരംഭിച്ചിട്ടില്ല. കേരളത്തിൽ സർക്കാർ മേഖലയിൽ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചത് 23.05.2016 ൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലാണ്. നാളിതുവരെ 2 മരണാനന്തര കരൾമാറ്റ ശസ്ത്രക്രിയകളും 9 ജീവിച്ചിരിക്കുന്ന വ്യക്തികൾ തമ്മിലുള്ള കരൾമാറ്റ ശസ്ത്രക്രിയകളും (live liver transplant) സർക്കാർ മേഖലയിൽ നടത്തിയിട്ടുണ്ട്. ആശുപത്രി തിരിച്ചുള്ള കണക്ക് ചുവടെ നൽകുന്നു.

| ആശുപത്രി | മരണാനന്തര കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളുടെ എണ്ണം | ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള കരൾ മാറ്റിവെയ്ക്കൽ ശാസ്ത്രക്രിയകളുടെ എണ്ണം |
|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ് | 1 | 3 |

| | | |
|---|---|---|
| തിരുവനന്തപുരം | | |
| സർക്കാർ മെഡിക്കൽ കോളേജ് കോട്ടയം | 1 | 6 |
| | **2** | **9** |

കരൾമാറ്റ ശസ്ത്രക്രിയ സർക്കാർ ആശുപത്രികളിൽ വിജയകരമായി നടപ്പാക്കിയത് വഴി, സാധാരണക്കാർക്ക് കൂടി കുറഞ്ഞ ചെലവിൽ അവയവമാറ്റ ചികിത്സ ലഭ്യമാകുന്ന സാഹചര്യം ഉണ്ടായി. വർധിച്ച് വരുന്ന ചികിത്സാ ചെലവിനെ പ്രതിരോധിക്കാൻ ഇത് മൂലം സാധിക്കുന്നു.

**(സി)** മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി സഹായത്തോടെ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയ മാസ്റ്റർ പ്ലാനുകളുടെയും അവിടെ പുതുതായി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെയും വിശദാംശങ്ങളും അതിനായി വകയിരുത്തിയ തുകയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** **<u>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിനായി GO(Rt)No.1247/2018/H&FWD, Dated: 16/04/2018 പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി ധനസഹായത്തോടെ നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതി വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന റോഡുകൾ, മേൽപ്പാലം തുടങ്ങിയ എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ 33 കോടി രൂപ ചെലവിൽ പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന എം.എൽ.ടി ബ്ലോക്ക് 21 കോടി രൂപ ചെലവിൽ പൂർത്തിയാക്കി. 81 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒ.റ്റി ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ 15 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 252 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന എസ്.എ.റ്റി പീഡിയാട്രിക് ബ്ലോക്കിനായി സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന 63 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മൾട്ടിലെവൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ അപ്രൂവൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഇമേജിയോളജി വിഭാഗത്തിൽ 43 കോടി രൂപ ചെലവിൽ സി.റ്റി, എം.ആർ.ഐ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇമേജിയോളജി വിഭാഗം ശാക്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിൽ സിസിടിവി സംവിധാനം സ്ഥാപിക്കുന്നതിനായി 14 കോടി രൂപ വകയിരുത്തി പൊതുമരാമത്ത് വിഭാഗം മുഖേന ഉള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കിഫ്ബി മുഖേനയുള്ള പ്രവർത്തികൾക്കായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 4.71 കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തികൾ നടന്നു വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റസിഡൻഷ്യൽ ഫെസിലിറ്റീസ് പ്രവർത്തികൾക്കായി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവർത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല. എസ്.എ.റ്റി അമ്മയും കുഞ്ഞും ഒ.പി ബ്ലോക്കിന്റെ ഫിനിഷിംഗ് വർക്കിനായി 12 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ പ്രവർത്തികൾ നടന്നു വരുകയും ചെയ്യുന്നു.

ഐസൊലേഷൻ ബ്ലോക്കിന്റെ നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ GO(Ms)No.74/2023/H&FWD, Date: 24/03/2023 പ്രകാരം 34.74 കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. നിലവിൽ ടി പദ്ധതിക്കായി 29.43 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി ആയ ഹൈറ്റ്സ് സ്വീകരിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി സർക്കാർ ഉത്തരവ് GO(Rt)No.2752/2018/H&FWD, Dated: 06/09/2018 പ്രകാരം 564 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി ധനസഹായത്തോടെ നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കോട്ടയം മെഡിക്കൽ കോളേജിൽ സർജിക്കൽ ബ്ലോക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവയുടെ നിർമ്മാണം നടപ്പിലാക്കി. സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണത്തിന് മാത്രമായി സർക്കാർ 279.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 161 കോടി രൂപ ചിലവിൽ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 268.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം നിലവിൽ 65 ശതമാനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം ലക്ഷമിട്ട് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ GO(Rt)No.3774/2018/H&FWD, Dated 22/12/2018 പ്രകാരം 285.54 കോടി രൂപയുടെ ഭരണാനുമതി നൽകയും തുടർന്ന് കിഫ്ബി 199.41 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ഇൻകൽ നിർവ്വഹണ ഏജൻസിയായി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം 65 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനും, ഒ.പി ബ്ലോക്കിന്റെ നിർമ്മാണത്തിനുമായി കിഫ്ബി ധനസഹായത്തോടെ GO(P)No.7/2021/H&FWD, Dated: 20/01/2021 പ്രകാരം 187.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തികളുടെ നിർവ്വഹണ ഏജൻസിയായി സർക്കാർ ഹൈറ്റ്സിനെ നിയോഗിച്ചിട്ടുണ്ട്. ഒ.പി ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ഡ്രോയിംഗ് തയ്യാറാക്കി കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി നിർവ്വഹണ ഏജൻസി സ്വീകരിച്ചു വരുന്നു. ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ GO(Ms)No.74/2023/H&FWD, Dated: 24/03/2023 പ്രകാരം 34.92 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. നിലവിൽ ടി പദ്ധതിക്കുള്ള സാമ്പത്തികാനുമതി കിഫ്ബി ലഭ്യമാക്കിയിട്ടില്ല.

**<u>ആലപ്പുഴ മെഡിക്കൽ കോളേജ്</u>**

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ കിഫ്ബി ധനസഹായത്തോടെ ഉള്ള പദ്ധതികൾ ഇല്ല.

**(ഡി)** കോന്നി, ഇടുക്കി, വയനാട് സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവിടെ അധ്യയനം ആരംഭിക്കാനും സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ

കോളേജുകളിൽ എം.ബി.ബി.എസ്., പി.ജി., സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾ വർദ്ധിപ്പിക്കാനും മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** **കോന്നി സർക്കാർ മെഡിക്കൽ കോളേജ്**

കോന്നി സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കിഫ്ബി ധനസഹായത്തോടെ സർക്കാർ ഉത്തരവ് **GO(Rt)No.1352/2019/H&FW, Dated: 05/06/2019** പ്രകാരം **351.72** കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കിഫ്ബി **218.39** കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തികളിൽ ഹോസ്പിറ്റൽ ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെഡിക്കൽ കോളേജ് എക്സ്റ്റൻഷൻ, ഗേൾസ് ഹോസ്റ്റൽ, ബോയ്സ് ഹോസ്റ്റൽ, ഡീൻസ് വില്ല, ക്വാർട്ടേഴ്സുകൾ, ഓഡിറ്റോറിയം, ലൗൺട്രി, ഓട്ടോപ്സി, ഗസ്റ്റ് ഹൗസ്, എസ്.ടി.പി, എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ എന്നീ പ്രവർത്തികൾ ഉൾപ്പെടുന്നു. ആയതിൽ ഉൾപ്പെടുന്ന ഹോസ്റ്റലുകൾ, ഡീൻസ് വില്ല, ക്വാർട്ടേഴ്സുകൾ, ഹോസ്പിറ്റൽ ബ്ലോക്ക്, ഓട്ടോപ്സി ബ്ലോക്ക്, എസ്.ടി.പി എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് നിർമ്മാണ പ്രവർത്തികൾ നിലവിൽ അന്തിമ ഘട്ടത്തിലാണ്.

**ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ്**

ആശുപത്രി കെട്ടിടത്തിന്റെ Civil വർക്കുകളിൽ 95% പണി പൂർത്തിയാക്കിയിട്ടുണ്ട്. Electrical വർക്കുകൾ 50% പണി പൂർത്തിയാക്കിയിട്ടുണ്ട്. Mechanical വർക്കുൾ 55% പണി പൂർത്തിയാക്കിയിട്ടുണ്ട്. STPഎസ്റ്റിമേറ്റുകൾ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് വരുന്നു. പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. ബോയ്സ് ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 3 BHK ക്വാർട്ടേഴ്സ്, പെൺകുട്ടികളുടെ ഹോസ്റ്റൽ എന്നിവയുടെ നിർമാണം അവസാന ഘട്ടത്തിലാണ്. അക്കാദമിക് ബ്ലോക്ക് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡ്-സംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 11 KV ഫീഡർ ലൈൻ സംവിധാനം പണി പൂർത്തിയാക്കുകയും HT കണക്ഷൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**വയനാട് സർക്കാർ മെഡിക്കൽ കോളേജ്**

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തികളും എമർജൻസി കെയറിനു വേണ്ടി വരുന്ന അടിസ്ഥാന സൗകര്യങ്ങളും പഠിക്കുന്നതിനു ചുമതലപ്പെടുത്തിയ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KSMC ഫണ്ടിൽ നിന്നും 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 10 കോടി രൂപ ഉപയോഗിച്ച് അക്കാദമിക് ബ്ലോക്കായി പരിഗണിച്ചിരുന്ന കെട്ടിടത്തിലെ അറ്റകുറ്റപണികൾക്കും പുതുക്കലുകൾക്കുമായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. AEBAS സിസ്റ്റം സ്ഥാപിക്കുന്നതിനായി ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചു നൽകി. മോഡുലാർ ലാബ് സ്ഥാപിക്കുന്നതിനായി KMSCL നു തുക അനുവദിച്ചു. മെഡിക്കൽ കോളേജിലെ മറ്റ് ഫർണിച്ചറുകൾക്കും മറ്റാവശ്യങ്ങൾക്കും ടി തുക ഉപയോഗിച്ചിട്ടുണ്ട്. പ്രിൻസിപ്പലിന് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ ഇൻസ്പെക്ഷൻ നടപടികൾ ഏകോപിപ്പിക്കുകയും തുടർന്ന് NMC അംഗീകാരം ലഭിക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ കോളേജിനായി മാനന്തവാടി ജില്ലാ ആശുപത്രിയിലുള്ള സ്ഥലം തികയാത്തതിനാൽ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ തന്നെയുള്ള പോലീസ് വകുപ്പിന്റെ കൈവശമിരിക്കുന്ന 68 സെന്റ് സ്ഥലം കൂടി മെഡിക്കൽ കോളേജിനായി ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

മേൽപ്പറഞ്ഞ സ്ഥലത്തെ കൂടാതെ മെഡിക്കൽ കോളേജിന്റെ ഭാവി വികസനത്തിനായി റവന്യൂ, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെ മെഡിക്കൽ കോളേജിനായി ഏറ്റെടുക്കാൻ കഴിയുന്ന സ്ഥലങ്ങൾ പരിശോധിക്കുകയും അമ്പുകുത്തിയിലെ വെസ്റ്റേഡ് ഫോറസ്റ്റ് ആയി കണക്കാക്കുന്ന 28 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിനായി വളരെ അനുയോജ്യമാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തല ടെക്നിക്കൽ കമ്മിറ്റി അറിയിക്കുകയും തുടർന്ന് ടി സ്ഥലത്ത് മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ളവ തയ്യാറാക്കുന്നതിനായി വയനാട് മെഡിക്കൽ കോളേജ് നിർമ്മാണ ഏജൻസിയായി M/s INKEL നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് MBBS, PG, Super Speciality കോഴ്സുകളുടെ സീറ്റുകളിൽ ഉണ്ടായ വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- MBBS നു 300 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.
- മെഡിക്കൽ പിജി കോഴ്സുകളിൽ 126 സീറ്റിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
- മെഡിക്കൽ പിജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളി ൽ 25 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകളിൽ 100 MBBS സീറ്റുകൾ വീതം (ആകെ 200 സീറ്റുകൾ) ആരംഭിക്കുകയും, ഈ സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ കൊല്ലം മെഡിക്കൽ കോളേജിൽ Community Medicine, Forensic Medicine, Microbiology, Pathology എന്നീ പിജി കോഴ്സുകൾക്ക് ആയി ആകെ 8 സീറ്റുകൾ (2 സീറ്റുകൾ വീതം) ആരംഭിക്കുകയും, ഈ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്.
- 2022-23 വിദ്യാഭ്യാസ വർഷം മുതൽ മഞ്ചേരി മെഡിക്കൽ കോളേജിൽ DVL, Ophthalmology, ENT എന്നീ പിജി കോഴ്സുകൾക്ക് ആയി ആകെ 6 സീറ്റുകൾ (2 സീറ്റുകൾ വീതം) ആരംഭിക്കുകയും ഈ സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുമുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷത്തിൽ കോട്ടയം മെഡിക്കൽ കോളജിൽ Radiodiagnosis വിഭാഗത്തിൽ 2 പിജി സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷത്തിൽ Strengthening & Upgradation of State Medical Colleges for increasing PG seats എന്ന CSS ൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ 13 പിജി സീറ്റുകളും (ജനറൽ മെഡിസിൻ - 2, അനസ്തേഷ്യ – 2, ഡെർമറ്റോളജി & വെനറോളജി – 1, ഫാർമക്കോളജി – 1, ജനറൽ സർജറി – 2, പാത്തോളജി- 1, കമ്മ്യൂണിറ്റി മെഡിസിൻ- 2, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ-1, ഫോറൻസിക് മെഡിസിൻ-1) എറണാകുളം മെഡിക്കൽ കോളേജിൽ 15 പിജി സീറ്റുകളും (ജനറൽ മെഡിസിൻ-1, അനസ്തേഷ്യ-2, റേഡിയോ ഡയഗ്നോസിസ് -2, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി-2, ജനറൽ സർജറി – 1, ഓർത്തോപീഡിക് – 1, റെസ്പിറേറ്ററി മെഡിസിൻ-1, എമർജൻസി മെഡിസിൻ -2, പീഡിയാട്രിക് -2, ഫോറൻസിക് മെഡിസിൻ-1) ആരംഭിക്കാൻ അംഗീകാരം നൽകിയെങ്കിലും NMC ൽ നിന്നും ആലപ്പുഴ കോളേജിനു 12 സീറ്റുകൾക്ക് ആണ് അംഗീകാരം നൽകിയത് (ജനറൽ മെഡിസിൻ-1, അനസ്തേഷ്യ-2, ഡെർമറ്റോളജി & വെനറോളജി-1, ഫാർമക്കോളജി-1, ജനറൽ സർജറി-2, പാത്തോളജി-1, കമ്മ്യൂണിറ്റി മെഡിസിൻ-2, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ -1, ഫോറൻസിക് മെഡിസിൻ-1). ആകെ 42 പിജി സീറ്റുകളിൽ വിദ്യാർത്ഥികൾക്കു 2025-26 വർഷത്തിൽ പ്രവേശനം നൽകിയിട്ടുണ്ട്.
- 2023-24 വിദ്യാഭ്യാസ വർഷത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ പിജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് ആയ Medical Gastroenterology ൽ 2 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.

- 2024-25 വിദ്യാഭ്യാസ വർഷം വയനാട്, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ 50 MBBS സീറ്റുകൾ വീതം ആരംഭിക്കാൻ (ആകെ 100 സീറ്റുകൾ) സർക്കാർ essentiality certificate നൽകുകയും തുടർന്ന് എൻ.എം.സി യുടെയും KUHS ന്റെയും അനുമതിയോടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ കൊല്ലം മെഡിക്കൽ കോളേജിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗത്തിൽ 1 സീറ്റും, ഒ.ബി.ജി വിഭാഗത്തിൽ 4 സീറ്റും, ഇ.എൻ.ടി വിഭാഗത്തിൽ 3 സീറ്റും, ജനറൽ മെഡിസിൻ വിഭഗത്തിൽ 5 സീറ്റും, പീഡിയാട്രിക് വിഭാഗത്തിൽ 4 സീറ്റും ഓഫ്ത്താൽമോളജി വിഭാഗത്തിൽ 3 സീറ്റും, അനസ്തേഷ്യ വിഭാഗത്തിൽ 5 സീറ്റും ജനറൽ സർജറി വിഭാഗത്തിൽ 5 സീറ്റും ഓർത്തോ പീഡിക് വിഭാഗത്തിൽ 4 സീറ്റും ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് എൻ.എം.സി യുടെ അംഗീകാരം ലഭിച്ച സീറ്റുകളിൽ (ഒ.ബി.ജി-4, ഇ.എൻ.ടി-3, ജനറൽ മെഡിസിൻ-4, പീഡിയാട്രിക്-4, ഓഫ്ത്താൽമോളജി-3, അനസ്തേഷ്യ-4, ജനറൽ സർജറി-4, ഓർത്തോപീഡിക്-4) വിദ്യാർത്ഥികൾക്കു 2025-26 വർഷത്തിൽ പ്രവേശനം നൽകിയിട്ടുണ്ട്. (ആകെ 30 പിജി സീറ്റുകൾ)
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗത്തിൽ 2 പിജി സീറ്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അനസ്തേഷ്യ വിഭാഗത്തിൽ 6 പിജി സീറ്റുകളും കോഴിക്കോട് എമർജൻസി മെഡിസിനിൽ 2 സീറ്റും അധികമായി അനുവദിച്ചിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഓഫ്താൽമോളജി വിഭാഗത്തിൽ 3 സീറ്റും ഓർത്തോപീഡിക് വിഭാഗത്തിൽ 3 സീറ്റു കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ 2 സീറ്റും ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് എൻഎംസി യുടെയും KUHS ന്റെയും അനുമതിയോടെ 2025-26 വർഷത്തിൽ ആകെ 8 പിജി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- 2024-25 വിദ്യാഭ്യാസ വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡിഎം പൾമണറി മെഡിസിൻ വിഭാഗത്തിൽ 2 സീറ്റും ഡിഎം പീഡിയാട്രിക് നെഫ്രോളജി വിഭാഗത്തിൽ 2 സീറ്റും ആർ.സി.സി ൽ ഡിഎം ഓങ്കോ പതോളജി വിഭാഗത്തിൽ 4 സീറ്റും ആരംഭിക്കാൻ എൻ.എം.സി യുടെയും KUHS ന്റെയും അംഗീകാരം ലഭിക്കുകയും ആകെ 8 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡിഎം ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിൽ 2 സീറ്റും, DM Infectious Diseases വിഭാഗത്തിൽ 2 സീറ്റും, കൂടാതെ DM Critical Care Medicine വിഭാഗത്തിൽ 3 സീറ്റും ആരംഭിക്കാൻ തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡിഎം നിയോനാറ്റോളജി വിഭാഗത്തിൽ 2 സീറ്റും, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡിഎം ന്യൂറോ സർജറി വിഭാഗത്തിൽ 2 സീറ്റും ആരംഭിക്കാൻ എൻഎംസി യുടെയും KUHS - ന്റെയും അംഗീകാരം ലഭിക്കുകയും ആകെ 4 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുകയും ചെയ്തിട്ടുണ്ട്.
- 2025-26 വിദ്യാഭ്യാസ വർഷത്തിൽ മലബാർ കാൻസർ സെന്ററിൽ Radiation Oncology വിഭാഗത്തിൽ 2 പിജി സീറ്റ് ആരംഭിക്കാൻ അംഗീകാരം ലഭിച്ചിട്ടുണ്ട്.
- തൃശ്ശൂർ മെഡിക്കൽ കോളേജിൽ എംഡി എമർജൻസി മെഡിസിൻ വിഭാഗത്തിൽ 2 സീറ്റും കോട്ടയം മെഡിക്കൽ കോളേജിൽ എംഡി എമർജൻസി മെഡിസിൻ വിഭാഗത്തിൽ 3 സീറ്റും ആരംഭിക്കാൻ Essentiality Certificate ലഭിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മെഡിക്കൽ, നഴ്സിംഗ് കോഴ്സുകൾക്ക് സർക്കാർ മേഖലയിൽ വർധിപ്പിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും തത്വത്തിൽ ആരംഭിക്കാൻ അംഗീകാരം

നല്കിയതുമായ കോഴ്സുകളുടെ എണ്ണത്തിന്റെയും സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| കോഴ്സ് | 2021 | 2025 | വർധിപ്പിച്ച സീറ്റുകളുടെ എണ്ണം |
|---|---|---|---|
| MBBS | 1555 | 1855 | 300 |
| **PG Medical** | 854 | 985 | 126+5 |
| MC Kottayam-Emergency Medicine Essentiality Issued -3<br>MC Thrissur-Emergency Medicine Essentiality Issued -2 | | | |
| **PG Super Speciality** | 142 | 172 | 23 + 7 = 30 |
| MC Trivandrum- DM Interventional Radiology | | | 2 |
| MC Trivandrum- DM Infectious Diseases Essentiality Issued | | | 2 |
| MC Trivandrum- DM Critical Care Medicine Essentiality Issued | | | 3 |

**(ഇ)** എല്ലാ മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് സൗകര്യം, അത്യാധുനിക ട്രോമ കെയർ സംവിധാനങ്ങൾ, സമഗ്ര സ്ട്രോക്ക് സെന്ററുകൾ എന്നിവ സജ്ജമാക്കി പാവപ്പെട്ട രോഗികൾക്ക് ലക്ഷങ്ങൾ വിലമതിക്കുന്ന ചികിത്സ സൗജന്യമായി ലഭ്യമാക്കാൻ മുൻ സർക്കാരിന് സാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>**മറുപടി:**</u> <u>**തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്**</u>

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിന്റെ കീഴിൽ **2** കാത്ത് ലാബുകൾ എല്ലാ ദിവസവും **24** മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ഹൃദയാഘാതം കാരണം ചികിത്സ തേടി എത്തുന്ന ആവശ്യമായ എല്ലാ രോഗികൾക്കും കാത്ത് ലാബിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ ചികിത്സക്കെത്തുന്ന രോഗികൾക്ക് അവസ്ഥ മാനിച്ച് അത്യാധുനിക ട്രോമ കെയർ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രയാജ് പ്രകാരം **Red, Green, Yellow Zone –**കളിലേക്ക് മാറ്റി വിദഗ്ധ ചികിത്സ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. അന്തർദേശീയ നിലവാരത്തിലുള്ള ഈ ട്രയാജ് സംവിധാനത്തിന് ദേശീയ പുരസ്കാരവും ക്യാഷ് പ്രൈസും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്. പക്ഷാഘാതം ബാധിച്ച് ഗുരുതരമായ അവസ്ഥയിലെത്തുന്ന രോഗികളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടു വരുന്നതിന് സമഗ്ര സ്ട്രോക്ക് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ പോലും വളരെ വിരളമായി ലഭ്യമാകുന്നതും വളരെയധികം ചെലവേറിയ ചികിത്സ രീതിയായ മെക്കാനിക്കൽ ത്രോംബോ കുറഞ്ഞ ചെലവിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിനായി ഒരു കാത്ത് ലാബ് പ്രത്യേകമായി സ്ട്രോക്ക് സെന്ററിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ ഒരുക്കിയിട്ടുണ്ട്. KASP ഇൻഷുറൻസ് ഉള്ള രോഗികൾക്ക് ചികിത്സ സൗജന്യമായി നൽകി വരുന്നു.

<u>**കൊല്ലം സർക്കാർ മെഡിക്കൽ കോളേജ്**</u>

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യങ്ങൾ ലഭ്യമാണ്. കാർഡിയോളജി വിഭാഗത്തിൽ എത്തുന്ന എല്ലാ രോഗികൾക്കും നിലവിൽ ലഭ്യമായ എല്ലാ ചികിത്സയും നൽകി വരുന്നു. കിടത്തി ചികിത്സയോ, **CAG. PTCA, Implant** എന്നിവ ഉൾപ്പെടെയുള്ള ശസ്ത്രക്രിയകളോ ആവശ്യമായി വരുന്ന രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ശസ്ത്രക്രിയകളും അനുബന്ധ ചികിത്സകളും സൗജന്യമായി നൽകി വരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമ കെയർ സെന്റർ പണിയുന്നതിനായി GO(Rt) No. 967/2018/H&FWD Dtd. 22/03/2018 പ്രകാരം 5 കോടി രൂപയും GO(Rt) No. 1696/2021/H&FWD Dtd. 07/08/2021 പ്രകാരം 3.1 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവർത്തികൾക്കുള്ള 3.5 കോടി രൂപയുടെ ഭരണാനുമതി കൂടി നൽകി ട്രോമ കെയർ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>കോട്ടയം സർക്കാർ മെഡിക്കൽ കോളേജ്</u>**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബ്, അത്യാധുനിക ട്രോമാ കെയർ സംവിധാനങ്ങൾ, സ്ട്രോക്ക് സെന്റർ എന്നിവ സജ്ജമാക്കി പാവപ്പെട്ട രോഗികൾക്ക് ലക്ഷങ്ങൾ വിലമതിക്കുന്ന സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

**<u>ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്</u>**

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന കാത്ത് ലാബ്, ഇന്റർവെൺഷണൽ റേഡിയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ബൈ പ്ലെയിൻ ഡി.എസ്.എ കാത്ത് ലാബ് എന്നിവ മുഖേന കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികളിലൂടെ ചികിൽസ സൗജന്യമായി നൽകി വരുന്നുണ്ട്. ട്രോമാകെയർ ബ്ലോക്കിന്റെ ഉദ്ഘാടനം 2026 മാർച്ച് 6-ന് നടത്തിയിട്ടുള്ളതും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നുമുണ്ട്. സ്ട്രോക്ക് യൂണിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ നിർമ്മാണത്തിന്റെ പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**<u>ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ്</u>**

ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ കത്ത് ലാബ് സ്ഥാപിക്കുന്നതിനായുള്ള വർക്കുകൾ നടന്നു വരുന്നു.

**<u>എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്</u>**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ 2019 മുതൽ കാത്ത് ലാബ് ചികിത്സാ സൗകര്യങ്ങൾ പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിൽ രണ്ടാമത് ഒരു കാത്ത് ലാബ് കൂടി എറണാകുളം മെഡിക്കൽ കോളേജിനായി അനുവദിക്കപ്പെട്ടിട്ടുണ്ട്. ആയതിനായി 14.97 കോടിരൂപയുടെ ഭരണാനുമതി നൽകി കാത്ത് ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പ്രസ്തുത തുക കേരള മെഡിക്കൽ സർവീസ് കോർപറേഷന് കൈമാറിയിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷം സമഗ്ര സ്ട്രോക്ക് സെന്ററിനായി നൽകിയ ഭരണാനുമതി പ്രകാരം 5.49 കോടി രൂപയും കേരള മെഡിക്കൽ സർവീസ് കോർപറേഷന് കൈമാറിയിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്, കൂടാതെ PMABHIM സ്കീമിൽ അനുവദിക്കപ്പെട്ട ഫണ്ട് വിനിയോഗിച്ച് ക്രിട്ടിക്കൽ കെയർ സെന്റർ 23.75 കോടിയുടെ നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുള്ളതാണ്. മേൽ രണ്ട് പദ്ധതികളിലും ട്രോമാ കെയർ സംവിധാനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ആയതിന് പ്രത്യേകമായി ട്രോമാ കെയർ ബ്ലോക്ക് സജ്ജീകരിച്ചിട്ടില്ല.

**തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ്**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ്, ട്രോമ കെയർ സംവിധാനങ്ങൾ നിലവിലുണ്ട്. ബിപിഎൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യമായി സേവനങ്ങൾ നൽകി വരുന്നു. അർഹരായ രോഗികൾക്ക് ഇൻഷ്വറൻസ് സ്കീമുകൾ വഴിയും ചികിത്സ സൗജന്യമായി നൽകി വരുന്നു. നിലവിൽ മെഡിസിൻ വിഭാഗത്തിൽ സ്ട്രോക്ക് കെയർ നൽകി വരുന്നു. കൂടുതൽ മെച്ചപ്പെട്ട ചികിത്സക്കായി കോംപ്രഹെൻസീവ് സ്ട്രോക്ക് കെയർ യൂണിറ്റ് പണി തീർത്ത് ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബ് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന കാസ്പ്, കെ.ബി.എഫ് ഇൻഷ്വറൻസ് പരിരക്ഷയുള്ള രോഗികൾക്ക് ഹൃദയ ശസ്ത്രക്രിയകൾ (ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി) സൗജന്യമായി ചെയ്തു നൽകുന്നുണ്ട്. മറ്റ് രോഗികൾക്ക് എ.പി.എൽ, ബി.പി.എൽ നിരക്കിൽ തുക ഈടാക്കി കൊണ്ടും ചികിത്സ നൽകി വരുന്നുണ്ട്. അത്യാധുനിക ട്രോമാ കെയർ സെന്ററും സമഗ്ര സ്ട്രോക്ക് കെയർ സെന്ററും നിലവിൽ സ്ഥാപിച്ചിട്ടില്ല.

**കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ്**

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള കാത്ത് ലാബ് കൂടാതെ വർദ്ധിച്ചു വരുന്ന രോഗികളുടെ ബാഹുല്യം മൂലം 2025-26 സാമ്പത്തിക വർഷത്തിൽ പുതിയ കാത്ത് ലാബ് നിർമ്മിക്കുന്നതിനായി GO(Rt)No.3412/2025/H&FWD, Dated: 03.11.2025 പ്രകാരം 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുക KMSCL ന് കൈമാറുകയും ചെയ്തിട്ടുണ്ട്. അത്യാധുനിക ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ Capacity Building for Developing Trauma Care Facilities in Government Hospitals Located on National Highways ഉൾപ്പെടുത്തി Level 1 Trauma Care Centre നിർമ്മിക്കുന്നതിനായി G.O(Rt)No.619/2018/H&FWD, Dated: 23.02.2018 പ്രകാരം ഭരണാനുമതി നൽകുകയും GO(Rt)No.3392/2025/H&FWD, Dated: 02.11.2025 പ്രകാരം 8.4 കോടി രൂപ അനുവദിക്കുകയും അത്യാധുനിക കെട്ടിടം നിർമ്മിക്കുന്നതിനായി G.O(Rt)No.2926/2019/H&FWD, Dated: 04.12.2019, G.O(Rt)No.2407/2022/H&FWD, Dated: 02.10.2022 എന്നീ ഉത്തരവുകൾ പ്രകാരം 11 (8+3) കോടി രൂപ അനുവദിക്കുകയും ഫേസ് 1 നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിലേക്ക് പദ്ധതിയുടെ രണ്ടാം ഘട്ട ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. സമഗ്ര സ്ട്രോക്ക് സെന്ററുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ന്യൂറോ മെഡിസിൻ വിഭാഗത്തിന് കീഴിൽ സ്ട്രോക്ക് സെന്റർ നിർമ്മിക്കുന്നതിനായി GO(Rt)No.1954/2018/H&FWD, Dated: 19.06.2018 പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിലേക്ക് ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി ബഹു. മുൻ എം.എൽ.എ തോട്ടത്തിൽ രവീന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്**

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ 2 കാത്ത് ലാബുകളുമുണ്ട്. ആധുനിക ഉപകരണങ്ങൾ ഉള്ള എമർജൻസി & ട്രോമ കെയർ വിഭാഗം സ്ഥാപനത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സമഗ്ര സ്ട്രോക്ക് സെന്റർ എന്ന പദ്ധതിയിൽ 5.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ സ്ട്രോക്ക് യൂണിറ്റ് തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ 3.75 കോടി രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പാവപ്പെട്ട രോഗികൾക്ക് ആഞ്ജിയോഗ്രാം,

ആഞ്ജിയോ പ്ലാസ്റ്റി, പേസ് മേക്കർ ഘടിപ്പിക്കൽ ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് വിവിധ പദ്ധതികൾ വഴി ചികിത്സ സൗജന്യമായി നൽകാറുണ്ട്.

**<u>വയനാട് സർക്കാർ മെഡിക്കൽ കോളേജ്</u>**

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സൗകര്യം ലഭ്യമാണ്. നിലവിൽ ആൻജിയോ പ്ലാസ്റ്റി ഒഴികെയുള്ള മറ്റ് ഹൃദയ ശസ്ത്രക്രിയകൾ നടത്തപ്പെടുന്നില്ല. 24 മണിക്കൂറും സേവനം ലഭ്യമാകുന്ന വിധത്തിൽ അത്യാഹിത വിഭാഗം ട്രയാജ് സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്. എമർജൻസി മെഡിസിൻ വിഭാഗം പുതുതായി ആരംഭിച്ചിട്ടുണ്ട്. അഡ്വാൻസ് ട്രോമ കെയർ നൽകിവരുന്നു, എന്നാൽ എമർജൻസി ഓപ്പറേഷൻ തീയറ്റർ, എമർജൻസി ICU സംവിധാനം എന്നിവ നിലവിലില്ല. സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജീകരിക്കപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**